**<u>തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം</u>**

---

വിഷയം:- ആവഡ - ജീവനക്കാര്യം - -സീനിയർ നഴ്സിംഗ് ഓഫീസർ തസ്തിക - പൊതു സ്ഥലം മാറ്റം 2025- അന്തിമ പട്ടികയിൽ ഭേദഗതി വരുത്തി -ജീവനക്കാർക്ക് വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. **ഉത്തരവ് നം: -ആവഡ/8789/2024/ ഇ ഇ 5തീയതി:30/5/2025**

**ഉത്തരവ് നം: ആവഡ/8789/2024/.ഇ ഇ 5. തീയതി: <u>10-06-2025</u>**

---

മേൽ പരാമർശം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2025-ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയുടെ അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ പരാതി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചു. ഇതിൽ പരിഗണന അർഹിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിനായി മേൽ പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ നിന്നും താഴെ പറയുന്ന ജീവനക്കാരെ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

അന്തിമ പട്ടികയിൽ സീരിയൽ നമ്പർ 41 ആയി ഉൾപ്പെട്ട ശ്രീമതി ഷീല കുമാരി പി നിലവിലെ സ്ഥാപനത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലെന്നു സ്ഥാപനമേധാവി അറിയിച്ചതിനാൽ ടിയാനെ സ്ഥലം മാറ്റ പ്പട്ടികയിൽ നിന്നും ഒഴിവാക്കി താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ നിലനിർത്തിയും സീരിയൽ നമ്പർ 29 ആയി ഉൾപ്പെട്ട പദ്മജ ദേവി യെ കടക്കൽ താലൂക്ക്

ആശുപത്രിയിൽ തന്നെ നിലനിർത്തിയും ഉത്തരവാകുന്നു . സീരിയൽ നമ്പർ 96 ആയി ഉൾപ്പെട്ട ശ്രീമതി ബിന്ദു കെ ബാലന്റെ അപേക്ഷ പരിഗണനാർഹമാണെന്നു കണ്ടെത്തി നിലവിലെ സ്ഥാപനമായ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിലനിർത്തി ഉത്തരവാകുന്നു . സീരിയൽ നമ്പർ 118 ആയി ഉൾപ്പെട്ട ഷീജ കുര്യാക്കോസ് നെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് CHC നെന്മാറ തന്നെ നിലനിർത്തിയും സീരിയൽ നമ്പർ 119 ആയി ഉൾപ്പെട്ട സുജാത ടി സി യെ THQH ആലത്തൂർ തന്നെ നിലനിർത്തിയും അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു .പരാമർശ പ്രകാരമുള്ള പൊതു സ്ഥലം മാറ്റ അന്തിമ പട്ടിക മേൽ ഭേദഗതികളോടെ നില നിൽക്കുന്നതാണ്

അന്തിമ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ പകരക്കാരെ കാത്ത് നിൽക്കാതെ അടിയന്തിരമായി അതാതു സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതാണ് .ജീവനക്കാരെ വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിപ്പിച്ച വിവരവും യഥാ സമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
A P Dinesh Kumar
Date: 10-06-2025 12:50:56

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ
പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം),
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്